പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1750 | 13-7-2011-ന് മറുപടിക്ക്

കൊല്ലം ചിന്നക്കട അടിപ്പാതയുടെ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ.കോവൂർ കുഞ്ഞുമോൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി,<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ കൊല്ലം കോർപ്പറേഷൻ കെ.എസ്.യു.ഡി.പി. വഴി നടപ്പിലാക്കുന്ന ചിന്നക്കട അടിപ്പാതയുടെ നിർമ്മാണം മുടങ്ങി കിടക്കുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | കൊല്ലം കോർപ്പറേഷനും റെയിൽവേയുമായുള്ള ഭൂമിതർക്കം പരിഹരിച്ച് അടിപ്പാത യാഥാർത്ഥ്യ മാക്കുകയും കൊല്ലം നഗരത്തിലെ ഗതാഗത കുരുക്ക് ഒഴിവാക്കുകയും ചെയ്യുന്നതിന് എന്തൊക്കെ നടപടി കളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തെന്ന് വ്യക്തമാക്കുമോ; | ബി) | കൊല്ലം കോർപ്പറേഷനും ഇൻഡ്യൻ റെയിൽവേയുമായുള്ള ഭൂമി തർക്കം പരിഹരിക്കുന്നതിനായുള്ള നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. മുൻ കേന്ദ്ര റെയിൽവേ മന്ത്രിമാരായിരുന്ന ശ്രീ.ലാലുപ്രസാദ് യാദവ്, ശ്രീ.നിതീഷ് കുമാർ, ശ്രീ.ഇ.അഹമ്മദ് എന്നിവർക്ക് ഈ പദ്ധതിയുടെ ആവശ്യകതയും പ്രാധാന്യവും കാണിച്ച് റെയിൽവേ ഭൂമി കൈമാറുന്നതിന് വേണ്ടുന്ന നടപടികൾ സ്വീകരിക്കുവാൻ അപേക്ഷ നൽകി യിരുന്നു. കൂടാതെ ഭൂമി കൈമാറുന്നതിന് റെയിൽവേ പറഞ്ഞ എല്ലാ തർക്കങ്ങൾക്കും ഉദ്യോഗസ്ഥ തലത്തിലും ഭരണതലത്തിലും പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട്. |
| സി) | ഇക്കാര്യത്തെ സംബന്ധിച്ച് കൊല്ലം മേയർ സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ? | സി) | ഇക്കാര്യത്തെ സംബന്ധിച്ച് കൊല്ലം മേയർ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്. ബഹു.മുഖ്യമന്ത്രി ജൂൺ മാസത്തിൽ വിളിച്ചു കൂട്ടിയ യോഗത്തിൽ കൊല്ലം മേയർ ഉൾപ്പെടെയുള്ള |

ഭരണാധികാരികളും റെയിൽവേ ഉദ്യോഗസ്ഥരും പങ്കെടുക്കുകയും അടിപ്പാതയുടെ പ്രാധാന്യം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ജൂലൈ മാസം നടക്കാനിരിക്കുന്ന യോഗത്തിൽ ഇതിന് അന്തിമ പരിഹാരം കാണാമെന്ന് ബഹു.മുഖ്യമന്ത്രി കൊല്ലം മേയറെ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ